# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.148 | | | 06.03.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| | **സമഗ്ര ശുചിത്വ പദ്ധതി** | | |
| | **ചോദ്യം** | | **മറുപടി** |
| **ശ്രീ.സി.ദിവാകരൻ**<br>,, **ഇ.കെ.വിജയൻ**<br>,, **ജി.എസ്.ജയലാൽ**<br>,, **വി.ആർ.സുനിൽകുമാർ** | | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര ശുചിത്വ പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | ഉണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 2017 ആഗസ്റ്റ് 6 മുതൽ 13 വരെ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഫീൽഡ് തല ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും തുടർന്ന് 2017 ആഗസ്റ്റ് 15 ന് "മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം" പ്രഖ്യാപനം നടത്തുകയും തുടർ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | ഹരിത കേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്ന ഫീൽഡ്തല കാമ്പയിൻ പ്രവർത്തനങ്ങളാണ് "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" എന്നതിലൂടെ നടപ്പിലാക്കിയത്. തുടർന്നും, ക്യാമ്പയിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തി നിലവിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥ നിർണ്ണയ പഠനം നടത്തുക, ഓരോ വീട്ടിലും സ്ഥാപനത്തിലും ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കുന്നു എന്ന് മനസിലാക്കുക, ഉറവിടത്തിൽ തന്നെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് പരിചയപ്പെടുത്തുക, ഇവയുടെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തുക എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 2017 ആഗസ്റ്റ് 15 ന് വൈകുന്നേരം 4 മണിമുതൽ 7 മണി വരെ വാർഡ് തലത്തിൽ ശുചിത്വ സംഗമം നടത്തി വാർഡിലെ മാലിന്യ സംസ്കരണ |

| | | | |
|---|---|---|---|
| | | | അവസ്ഥ നിർണ്ണയ റിപ്പോർട്ട് അവതരിപ്പിച്ചു കൊണ്ട് "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" പ്രതിജ്ഞ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന പ്രദേശങ്ങൾ മാലിന്യ രഹിതമാക്കുകയും ഇതിലൂടെ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കുന്നതിലേക്ക് പൊതു ജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന ക്യാമ്പയിൻ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് നിർദേശം നൽകുകയും പ്രസ്തുത പദ്ധതിയിൽ 941 ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ